DESPATCHED
On..8/.01/.2020
25/02/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.1156(4)/2012**/*എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.7129/*എസ്.ഐ.സി–ജി 2/2012*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രാധാകൃഷ്ണൻ. വി,
സായ്കൃപ, സെൻട്രൽ റോഡ്,
ചാലക്കുടി, തൃശ്ശൂർ– 680 307. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,,
കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്,
കിഴക്കഞ്ചേരി പി.ഒ, പാലക്കാട് – 678 684.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
പാലക്കാട്.

} എതിർക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 30.12.2010 ൽ ഒന്നാം എതിർ കക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, കിഴക്കഞ്ചേരി പഞ്ചായത്തിലെ കൊടുമ്പാലയിൽ താമസിക്കുന്ന ശ്രീ. വാസുവിന് EMS ഭവന പദ്ധതി പ്രകാരം വീടനുവദിച്ചതുമായി ബന്ധപ്പെട്ട വിവ

രങ്ങൾ ചോദിച്ചിട്ട്, കൃത്യമായി ലഭിച്ചില്ല എന്നു പരാതിപ്പെട്ടാണ് ടിയാൻ 26.05.2012 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 30.07.2012 ൽ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് 17.09.2012 ൽ രണ്ടാം എതിർകക്ഷിയും, ഒന്നാം അപ്പീലധികാരിയുമായ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

3. 30.12.2010 ലെ വിവരാവകാശ അപേക്ഷയിന്മേൽ അപ്പീൽ സമർപ്പിക്കേണ്ട സമയപരിധി കഴിഞ്ഞ് 15.12.2011 നു മാത്രമാണ് ഒന്നാം അപ്പീൽ സമർപ്പിച്ചതെങ്കിലും, വിവരാവകാശ നിയമത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ടാണ് 10 മാസം വൈകിയിട്ടും അപ്പീൽ സ്വീകരിച്ചതെന്ന് റിപ്പോർട്ടിൽ പറഞ്ഞു. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിക്കഴിഞ്ഞതായും റിപ്പോർട്ടിൽ പറയുന്നു. ഇതിന്റെ അനുബന്ധ രേഖകളും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

4. ഇതെല്ലാം പരിശോധിച്ചതിൽ നിന്ന് കമ്മീഷനു മനസ്സിലായത് ഒന്നാം അപ്പീലധികാരി അപ്പീൽ തീർപ്പുകൽപ്പിച്ചത് 14.02.2012 ലാണ്. ഇതിനുശേഷം 90 ദിവസത്തിനുള്ളിൽ വേണം അപ്പീൽ ഹർജിക്കാരൻ കമ്മീഷന് രണ്ടാം അപ്പീൽ നൽകേണ്ടത്. എന്നാൽ ഇവിടെ 102 ദിവസത്തിനുശേഷമാണ് ടിയാൻ കമ്മീഷന് അപ്പീൽ നൽകിയിട്ടുള്ളത്. 14.02.2012 ന്റെ ഒന്നാം അപ്പീലധികാരിയുടെ ഉത്തരവ് ലഭിക്കാൻ നാലോ അഞ്ചോ ദിവസം വൈകിയാൽപ്പോലും 90 ദിവസ കാലാവധി വൈകിയാണ് ടിയാൻ രണ്ടാം അപ്പീൽ നൽകിയിട്ടുള്ളത്. അതുകൊണ്ടു തന്നെ ഇത് പരിഗണിക്കേണ്ട കാര്യമില്ല.

RIGHT TO INFORMATION

മാത്രവുമല്ല, ഇതിനകം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷികൾ നൽകിക്കഴിഞ്ഞതായും കമ്മീഷൻ കരുതുന്നു.

5. അതുകൊണ്ട് അപ്പീൽ ഹർജി തള്ളിക്കൊണ്ട് ഇന്നേ ദിവസം 25.02.2020 ന് ഉത്തരവാകുന്നു.

6. 10 ദിവസത്തോളം വൈകി ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടും അത് സ്വീകരിച്ച് ന്യായമായ മറുപടി നൽകാൻ തയ്യാറായ ഒന്നാം അപ്പീലധികാരിയും, രണ്ടാം എതിർകക്ഷിയുമായ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ കമ്മീഷൻ അഭിനന്ദിക്കുകയും ചെയ്യുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re